ശ്രീ. പാമ്പ തളിയത്തു് : ഈ കേസ് നടത്തുന്നതിനു് ഹൈക്കോടതിയിൽ ആരെയാണു് ചുമതലപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ചു് അവസാന തീരുമാനം ചെയ്തിട്ടില്ല. ഇതിനുമുമ്പു് കീഴ്ക്കോടതിയിൽ കേസ് നടത്തിക്കൊണ്ടിരുന്ന ആളുതന്നെ ഹൈക്കോടതിയിലും കേസ് നടത്തണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ ഏതെങ്കിലും കാരണവശാൽ അദ്ദേഹത്തിനു സൗകര്യമില്ലാതെവരുന്നപക്ഷം അഡ്വക്കേറ്റ് ജനറലായിരിക്കും കേസ് നടത്തുന്നതു്.

ശ്രീ. സി. വി. ഐപ്പു : അഞ്ചേരലക്ഷകേസെന്നുള്ളതു് പിന്നീടു് ഉണ്ടായിട്ടുള്ള ചിലവും കൂടിചേർത്തു ഇപ്പോൾ ആറരലക്ഷ കേസ് എന്നു വിളിക്കാറായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : സൗകര്യംപോലെ വിളിക്കുന്നതിൽ തെറ്റില്ല.

(Question No. 23 was not put)

CAUSTIC SODA PLANT

***888. [24] Sri. Paul Thaliath :** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government have any share in the new caustic soda plant that is being erected near the Fertilizer and Chemical Factory at Eloor;

(*b*) if so the extent of the share or interest the Government have in that concern;

(*c*) the estimated expenditure to complete the erection and to bring the plant under production stage;

(*d*) the amount if any so far advanced by the Government; and

(*e*) the terms under which that advance was made ?

***Minister for Industries, Excise and Local Self Government* (Sri. N. Kunjuraman) :**

(*a*) Yes.

(*b*) This has not been settled, but is under discussion.

(*c*) Rs. 60 lakhs.

(*d*) Rs. 10 lakhs as loan.

(*e*) At 4 1/2 per cent interest and on the security of the caustic soda plant.

ഹൈക്കോട്ട് ജഡ്ജിമാർ

*൮൫൯. (൨ ൫) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈക്കോട്ടിലെ ഇപ്പോഴത്തെ ജഡ്ജിമാർ ആരെല്ലാമാണു്;

(ബി) മി. മാത്യു മുരിക്കൻ എന്നാണു് ജഡ്ജി സ്ഥാനത്തുനിന്നും വിരമിച്ചതു്;

(സി) അതിനുള്ള കാരണങ്ങൾ എന്താണു്;

(ഡി) അദ്ദേഹത്തിനു് വേറെ ഏതെങ്കിലും ഉദ്യോഗമോ, മൊത്തമായി എന്തെങ്കിലും സംഖ്യയോ കൊടുക്കുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ക. ശ്രീ. സി. കുഞ്ഞുരാമൻ.
ഖ. ,, കെ. ടി. കോശി
ഗ. ,, കെ. ശങ്കരൻ
ഘ. ,, കെ. എസ്സ്. തോവിന്ദപിള്ള.
ങ. ,, കെ. എ. ഗംഗാധരമേനോൻ
ച. ,, പി. കെ. സുബ്രഹ്മണ്യയ്യർ

(ബി) ഖ ങ–ക– ക്ഷ ങ ം

(സി) കാരണങ്ങളൊന്നും പറയുന്നതു് പൊതുതാല്പര്യങ്ങൾക്കു വിരുദ്ധമായിരിക്കും.

(ഡി) ക ം വ ങ ം രൂപ കൊടുക്കാൻ ഉത്തരവു കൊടുത്തിട്ടുണ്ടു്. എന്നാൽ പണം കൊടുത്തിട്ടില്ല. അദ്ദേഹത്തിനു് ഒരു കൊല്ലംകൂടി സർവ്വീസിൽ ഇരിക്കുന്നതിനു് അവകാശമുണ്ടായിരുന്നു എന്നുള്ള പരിഗണനയിലാണു് ഇത്രയും തുക കൊടുക്കാൻ ഉത്തരവിട്ടിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഒരു കൊല്ലംകൂടി സർവ്വീസിലിരിക്കാൻ അവകാശമുണ്ടായിരിക്കേ അദ്ദേഹത്തെ പിരിച്ചുവിടാനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ കാരണമാണു് പറയുന്നതു് പൊതുതാല്പര്യങ്ങൾക്കു് വിരുദ്ധമായിരിക്കുമെന്നു് ഞാൻ നേരത്തെ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള : അദ്ദേഹത്തെ പിരിച്ചുവിട്ടതു് അദ്ദേഹത്തിന്റെ തെറ്റുകൊണ്ടാണോ ഗവൺമെൻറിന്റെ തെറ്റുകൊണ്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഗവൺമെൻറിന്റെ തെറ്റുകൊണ്ടല്ല.

ശ്രീ. എ. താണുപിള്ള : ഗവൺമെൻറിന്റെ തെറ്റുകൊണ്ടല്ലെങ്കിൽ പിന്നെ ആരുടെ തെറ്റുകൊണ്ടാണു് അദ്ദേഹത്തെ പിരിച്ചയച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അന്നു് അതിലേക്കുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണു് പിരിച്ചയച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : അതേതു കമ്മിറ്റിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതിനെ സംബന്ധിച്ചു് അന്വേഷിക്കാൻ ഇൻഡ്യാ ഗവൺമെൻറിൽനിന്നും നിയുക്തമായ ഒരു കമ്മിറ്റിയാണു്.

ശ്രീ. എ. താണുപിള്ള : ഏതിനെ സംബന്ധിച്ചു് അന്വേഷിക്കാനാണു് ആ കമ്മിറ്റി നിയുക്തമായിരുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഈവക കാര്യങ്ങളെല്ലാം അന്വേഷിക്കുന്നതിനു്.

ശ്രീ. എ. താണുപിള്ള : 'ഈവക കാര്യങ്ങളെ'ന്നു പറഞ്ഞാൽ എതെല്ലാംവക കാര്യങ്ങളാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഹൈക്കോടതി ജഡ്ജിമാരുടെ കാര്യങ്ങൾ.

ശ്രീ. എ. താണുപിള്ള : ഹൈക്കോടതി ജഡ്ജിമാരുടെ എന്തെല്ലാം കാര്യങ്ങളാണു് എന്നാണു് ഞാൻ ചോദിക്കുന്നതു്? അവരുടെ യോഗ്യതായോഗ്യതകളെപ്പറ്റിയാണോ? സ്വഭാവദൂഷ്യത്തെപ്പറ്റിയാണോ മറ്റെന്തെങ്കിലുമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അവരുടെ എല്ലാം കാര്യങ്ങളെപ്പറ്റിയും അന്വേഷിക്കുന്നതിനാണ്.

ശ്രീ. എ. താണുപിള്ള : എല്ലാ കാര്യങ്ങളുമെന്നു പറഞ്ഞാൽ, ആ കമ്മിറ്റി അവരുടെ ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും കാര്യമൊക്കെ അന്വേഷിച്ചോ? It is a very serious matter Sir, and this House is entitled to know the details.

Mr. Speaker: The honourable member would remember that serious matters are not to be approached in this light manner.

ശ്രീ. എ. താണുപിള്ള : എല്ലാകാര്യങ്ങളെപ്പറ്റിയും അന്വേഷിക്കാനാണെന്നു പറഞ്ഞതുകൊണ്ട് ചോദിച്ചുപോയതാണ്.

Sri. D. Gnanasigamoni: Is it in pursuance of a report from Justice Fazal Ali?

ശ്രീ. ടി. കെ. നാരായണപിള്ള : ഹൈക്കോടതി ജഡ്ജിമാരുടെ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സുപ്രീംകോടതിയിൽനിന്നും ഒരാളെ നിയോഗിച്ചിരുന്നു. ആ വ്യക്തിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് അദ്ദേഹത്തെ പിരിച്ചയച്ചിട്ടുള്ളത്.

ശ്രീ. സി. വി. ഇയ്യു : ഹൈക്കോടതി ജഡ്ജിമാർ ആ ഉദ്യോഗത്തിനു് യോഗ്യരാണോ എന്നു നിശ്ചയിക്കുന്നതിനല്ലേ അദ്ദേഹത്തെ നിയോഗിച്ചിരുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ, അതാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ ശുപാർശയനുസരിച്ചാണ് പിരിച്ചയച്ചതെന്ന്.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ആ കമ്മിറ്റിയിൽ ആരെല്ലാം ഉണ്ടായിരുന്നു എന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ജസ്റ്റിസ് ഫസിൽ അലി.

അവസാനത്തെ പഞ്ചായത്തു് തെരഞ്ഞെടുപ്പു്

*വൻ ൦. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി സഭയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ അവസാനം നടന്ന പഞ്ചായത്തു് തിരഞ്ഞെടുപ്പു് എന്നായിരുന്നു;

(ബി) അടുത്ത തിരഞ്ഞെടുപ്പു് എന്നാണു് നടത്തുവാൻ ഉദ്ദേശിക്കുന്നതു്

(സി) പുതിയ തെരഞ്ഞെടുപ്പു് നടത്തുവാൻ ഇത്ര അധികം താമസം വരുവാനുള്ള കാരണമെന്തു്;

(ഡി) പുതിയ തെരഞ്ഞെടുപ്പു് സംബന്ധിച്ചുള്ള വോട്ടേഴ്സ് ലിസ്റ്റ് വാർഡ് വിഭജനം മുതലായവ ശരിപ്പെടുത്തി കഴിഞ്ഞോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) തിരുവിതാംകൂറിൽ ൨൯—൩—൧൯൫൩. കൊച്ചിയിൽ ൧൯൫൪ & ൧൯൫൫.

(ബി) പുതിയ സമ്മതിദായകന്മാരുടെ പട്ടിക പൂർത്തിയായാൽ ഉടനെ.

(സി) സമ്മതിദായകന്മാരുടെ പട്ടിക പൂർത്തിയാകാത്തതുകൊണ്ടു്.

(ഡി) ഇല്ല.

† Question No. 980 [26] was put by Sri. M. I. Paul

LIBRARY ARCHIVES Kerala Legislative Assembly